## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 260 18.03.2013-ൽ മറുപടിയ്ക്കുണ്ടായിരുന്നത്.

### അതിക്രമങ്ങളിൽ കൊല്ലപ്പെട്ട സ്ത്രീകളുടെയും കുട്ടികളുടെയും വിവരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. എ. ബേബി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ നടന്ന വിവിധ അതിക്രമങ്ങളിൽ കൊല്ലപ്പെട്ട സ്ത്രീകളുടേയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെയും കുട്ടികളുടേയും എണ്ണം പ്രത്യേകം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ നടന്ന വിവിധ അതിക്രമങ്ങളിൽ കൊല്ലപ്പെട്ട സ്ത്രീകളുടെ എണ്ണം 186. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ എണ്ണം 31 ഉൾപ്പെടെ മൊത്തം കുട്ടികളുടെ എണ്ണം 80. |
| (ബി) | ഇത്തരം കേസ്സുകളിൽ അന്വേഷണം പൂർത്തിയായവയുടേയും വിചാരണ പൂർത്തിയായവയുടേയും എണ്ണം വ്യക്തമാക്കാമോ; | (ബി) | ഇത്തരം കേസ്സുകളിൽ അന്വേഷണം പൂർത്തിയായവ 179 ഉം വിചാരണ പൂർത്തിയായവ 14 ഉം ആണ്. |
| (സി) | ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം വ്യക്തമാക്കാമോ; ഇനിയും അറസ്റ്റ് ചെയ്യപ്പെടേണ്ടവർ എത്ര; വ്യക്തമാക്കാമോ? | (സി) | ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം 7 ഉം ഇനിയും അറസ്റ്റ് ചെയ്യപ്പെടേണ്ടവർ 6 ഉം ആണ്. |

സെക്ഷൻ ഓഫീസർ